**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1754** **08-02-2023 - ൽ മറുപടിയ്ക്ക്**

**വിദൂര വിദ്യാഭ്യാസ സമ്പ്രദായത്തിൽ കോഴ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീ. അൻവർ സാദത്ത് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല രൂപീകരണത്തിന് ശേഷം കേരളത്തിലെ മറ്റു സർവകലാശാലകൾ വിദൂര വിദ്യാഭ്യാസ സമ്പ്രദായത്തിൽ കോഴ്സുകൾ നടത്തരുത് എന്ന നിയമ വ്യവസ്ഥ സംസ്ഥാനത്തെ വിദ്യാർത്ഥികളെ വളരെ ദോഷകരമായി ബാധിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഇഷ്ടമുള്ള കോഴ്സുകൾ വിദൂര വിദ്യാഭ്യാസ സമ്പ്രദായത്തിൽ പഠിക്കുവാൻ അവസരം ലഭിക്കാത്തതിനാൽ മറ്റ് സംസ്ഥാനങ്ങളിലെ സർവ്വകലാശാലകളെ ആശ്രയിക്കുന്ന രീതി വർദ്ധിച്ചു വരുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയ്ക്ക് അനുവദിക്കപ്പെട്ടിട്ടുള്ള കോഴ്സുകൾ ഒഴികെയുള്ള വിവിധ കോഴ്സുകൾ കേരള, മഹാത്മാ ഗാന്ധി, കാലിക്കറ്റ്, കണ്ണൂർ സർവ്വകലാശാലകൾ 2022-23 അദ്ധ്യയന വർഷം വിദൂര വിദ്യാഭ്യാസം/പ്രൈവറ്റ് രജിസ്ട്രേഷൻ മുഖാന്തരം നടത്തുന്നുണ്ട്. |
| (സി) | പല സംസ്ഥാനങ്ങളിലും ഓപ്പൺ യൂണിവേഴ്സിറ്റികളും ഇതര സർവ്വകലാശാലകളും ഒരേ സമയം വിദൂര വിദ്യാഭ്യാസ കോഴ്സുകൾ നടത്തുന്നത് പരിഗണിച്ച് കേരളത്തിലെ സർവകലാശാലകൾക്കും വിദൂര വിദ്യാഭ്യാസ സമ്പ്രദായത്തിൽ കോഴ്സുകൾ നടത്തുന്നതിനുള്ള അനുമതി പുന:സ്ഥാപിച്ചു നൽകുന്ന രീതിയിൽ നിയമഭേദഗതിക്ക് തയ്യാറാകുമോ; വിശദാംശം നൽകുമോ? | (സി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ